# കേരളപാഠാവലി

# മലയാളം

## ഭാഗം – 1

## സ്റ്റാൻഡേർഡ് – II

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്
2016

KT 63-1/Malayalam - 2 (Vol-1)

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala

*Website* : www.scertkerala.gov.in
*e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
First Edition : 2015, Reprint : 2016
Printed at : KBPS, Kakkanad, Kochi-30
© Department of Education, Government of Kerala



പ്രിയപ്പെട്ട കുട്ടികളേ,

മലയാളം
നമ്മുടെ മധുരമായ
മാതൃഭാഷ.
പറയാനും പാടാനും
എത്രയെത്ര കഥകളും പാട്ടുകളും!
വിശാലമായ ലോകത്തിൽ
അറിയുന്നതും അറിയാത്തതുമായ
എന്തെന്തു കാര്യങ്ങൾ!
അന്വേഷിച്ചറിയാനും അറിവുകൾ പങ്കുവയ്ക്കാനും
ഭാവനയുടെ ചിറകേറിപ്പറക്കാനും.

വരൂ... പരസ്പരം സ്നേഹിക്കാനും
ഒരുമിച്ചു മുന്നേറാനും നമുക്കു കഴിയും.
പഠനം അതിനുള്ളതുമല്ലേ.

സ്നേഹാശംസകളോടെ,

**ഡോ. പി. എ. ഫാത്തിമ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തക രചന

## ശില്പശാലയിൽ പങ്കെടുത്തവർ

**അബ്ദുറഹിമാൻ എൻ.**
ലക്ചറർ, ഡയറ്റ്, കോഴിക്കോട്

**അഷ്റഫ് കാവിൽ**
എം.ഐ.എ. യു.പി.എസ്. ചെറുവട്ടൂർ
മലപ്പുറം

**ജോസ് വിക്ടർ ജെ.**
ജി.എച്ച്.എസ്. ഊരൂട്ടുകാല
തിരുവനന്തപുരം

**പി.ടി. മണികണ്ഠൻ പന്തലൂർ**
ജി.എം. എൽ.പി.എസ്. മഞ്ചേരി സൗത്ത്
മലപ്പുറം

**രാജീവ് ടി.പി.**
ജി.എൽ.പി.എസ്. തച്ചണ്ണ
മലപ്പുറം

**കെ.കെ. സുരേഷ്ബാബു**
പാലയാട് സെൻട്രൽ ജെ.ബി.എസ്.
തലശ്ശേരി, കണ്ണൂർ

**ശ്രീലത സി.**
എ.യു.പി.എസ്. വരോട്, ഒറ്റപ്പാലം, പാലക്കാട്

## വിദഗ്ധപരിശോധന

**പി. നാരായണമേനോൻ**, പ്രൊഫസർ (റിട്ട.), ശ്രീ കേരളവർമ്മ കോളേജ്, തൃശൂർ

**ഡോ. വിജയൻ ചാലോട്**, എസ്.എസ്.എ, കണ്ണൂർ

## ചിത്രകാരന്മാർ

**രാജീവ് എൻ.ടി.** ജി.എച്ച്.എസ്.എസ്. തരിയോട്, വയനാട്

**ജനു മഞ്ചേരി**

**സന്തോഷ് വെളിയന്നൂർ**

## അക്കാദമിക് കോഡിനേറ്റർ

**ഡോ. എസ്. ജയലക്ഷ്മി**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

## ഉള്ളടക്കം


| | | |
|---|---|---|
| 1. | എന്റെ കേരളം | 7 – 21 |
| 2. | കുട്ടിപ്പുര | 22 – 40 |
| 3. | നാടിനെ രക്ഷിച്ച വീരബാഹു | 41 – 56 |
| 4. | ഈ തെറ്റിന് ശിക്ഷയില്ല | 57 – 72 |


എന്റെ പേര് : ..........................................................

സ്കൂളിന്റെ പേര് : ..........................................................

വീട്ടുപേര് : ..........................................................

എന്റെ നാട് : ..........................................................

ജില്ല : ..........................................................





# 1. എന്റെ കേരളം

പാടും പുഴകളും തോടും- മോടി
കൂടും മലരണിക്കാടും
നീളേ കളകളം പാടും- കാട്ടു-
ചോലയുമാമണിമേടും
വെള്ളിയരഞ്ഞാണുപോലേ- ചുറ്റും
തുള്ളിക്കളിക്കും കടലും
കായലും നീലമലയും- നീളേ
കോരിത്തരിക്കും വയലും
പീലിനിവർത്തിനിന്നാടും- കൊച്ചു
കേരമരതകത്തോപ്പും
നീളേ കുളിരൊളി തിങ്ങീ - എന്റെ
കേരളമെന്തൊരു ഭംഗീ!

**ഗോപാലകൃഷ്ണൻ കോലഴി**

## നാടിനെ സുന്ദരമാക്കുന്നത് എന്തെല്ലാമാണ്?




## വരച്ചു യോജിപ്പിക്കൂ

- പാടും — മലരണിക്കാട്
- പീലിനിവർത്തിയാടുന്ന — കടൽ
- മോടി കൂടും — പുഴകൾ
- തുള്ളിക്കളിക്കുന്ന — തെങ്ങിൻതോപ്പ്

## നിറം നൽകാം



## കവിതയിൽനിന്നു കണ്ടെത്തി എഴുതാം

എന്റെ നാട്ടിൽ പാട്ടു പാടിയൊഴുകുന്ന  പുഴകളും തോടുകളും ഉണ്ട്. ചന്തമുള്ള പൂക്കൾ നിറഞ്ഞുനിൽക്കുന്ന കാടുകളുണ്ട്.

------------------------------

------------------------------

------------------------------

------------------------------

--------------------


--------------------

--------------------


--------------------

--------------------

--------------------



ഇതൊക്കെയുള്ള എന്റെ കേരളം
എത്ര സുന്ദരമാണ്!



## ഒരു അവധിക്കാലത്ത്

അഭിനന്ദും നന്ദനയും വെളുപ്പിന് ഉണർന്നു. അമ്മമ്മയുടെ നാട്ടിൽ പോകണം. അവിടെ ഉത്സവമാണ്. ''മക്കളേ, വേഗം കുളിച്ചോളൂ''- വസ്ത്രങ്ങൾ അടുക്കിവയ്ക്കുന്നതിനിടയിൽ അമ്മ പറഞ്ഞു.



ബാഗുമെടുത്ത് ആറാം നിലയിൽനിന്ന് പടികളിറങ്ങി എല്ലാവരും കാറിനടുത്തെത്തി. തിരക്കിലൂടെ കാർ മുന്നോട്ടു നീങ്ങി, വീതിയേറിയ റോഡ്. തലങ്ങും വിലങ്ങും പായുന്ന വാഹനങ്ങൾ. ഇരുവശത്തും കൂറ്റൻ കെട്ടിടങ്ങൾ. കാൽനടക്കാരും വാഹനങ്ങളും. ആകെ ബഹളമയം.

റോഡരികിലെ സിഗ്നൽ പോസ്റ്റിൽ ചുവപ്പുവെളിച്ചം തെളിഞ്ഞതോടെ അച്ഛൻ കാർ നിർത്തി. പച്ചവെളിച്ചം തെളിഞ്ഞു. നിരനിരയായി നിൽക്കുന്ന വാഹനങ്ങൾ മുന്നോട്ടുനീങ്ങി. കാർ പാലത്തിലേക്കു കയറി. താഴെ നിറഞ്ഞൊഴുകുന്ന പുഴ. തോണിയിലിരുന്ന് മീൻ പിടിക്കുന്നവരെ നോക്കി അവർ കൈവീശി. ഝുക്...ഝുക്...ഝുക്... അപ്പുറത്തുള്ള പാലത്തിലൂടെ ഒരു തീവണ്ടി കടന്നുപോയി. അഭിനന്ദും നന്ദനയും കാഴ്ചകൾ കണ്ടു രസിച്ചു.



കാർ നാട്ടിൻപുറത്തെത്തി. റോഡിൽ തിരക്കു കുറഞ്ഞു. ഇരുവശത്തും ധാരാളം മരങ്ങൾ. കൊച്ചുകൊച്ചു വീടുകൾ. ഇടയ്ക്കിടെ പച്ചവിരിച്ച പാടങ്ങൾ. അങ്ങകലെ ഉയർന്നമലനിരകൾ. പാടത്തിനു നടുവിലൂടെ കളകളം ഒഴുകുന്ന തോട്. വരമ്പിൽ നിരന്നു നിൽക്കുന്ന വെള്ളക്കൊക്കുകൾ.

തെങ്ങിൻതോപ്പും വാഴത്തോട്ടവും പിന്നിട്ട് കാർ ചെമ്മൺ പാതയിലേക്കു തിരിഞ്ഞു. വീടിനു മുന്നിലെ വിശാലമായ മുറ്റത്ത് കാർ നിന്നു. നന്ദന ഓടിച്ചെന്ന് അമ്മമ്മയുടെ കണ്ണുപൊത്തി.

"ഓ, എന്റെ പൊന്നുമോൾ എത്തിയോ...!"

## പറയാം, എഴുതാം

- നന്ദനയും അഭിനന്ദും പട്ടണത്തിൽ കണ്ട കാഴ്ചകൾ എന്തെല്ലാം?
- നാട്ടിൻപുറത്ത് അവർ എന്തൊക്കെ കണ്ടു?

## പറയാം

- പട്ടണത്തിലെയും നാട്ടിൻപുറത്തെയും കാഴ്ചകൾ ഒരുപോലെയാണോ? എന്തെല്ലാം വ്യത്യാസങ്ങളാണുള്ളത്?

## എഴുതാം

പാഠത്തിൽനിന്നു കണ്ടെത്തി എഴുതൂ.

- വീതിയേറിയ റോഡ്
- കൂറ്റൻ കെട്ടിടങ്ങൾ
- ............................ പുഴ
- ............................ മുറ്റം
- ............................ തോട്
- ............................ മലനിരകൾ
- ............................ പാടങ്ങൾ

## വാക്യം മാറ്റി എഴുതാം

- മൈതാനത്ത് കുട്ടികൾ വിലങ്ങനെയും കുറുങ്ങനെയും ഓടിക്കളിച്ചു.
- തൊട്ടുതൊട്ടു വച്ചിരിക്കുന്ന മിഠായിഭരണികൾ കാണാൻ നല്ല ചന്തമുണ്ട്.

അടിയിൽ വരയിട്ട വാക്കുകൾക്കു പകരം തലങ്ങും വിലങ്ങും, നിരനിരയായി തുടങ്ങിയ വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ മാറ്റി എഴുതൂ.

## പാഠത്തിലുള്ളതുപോലെ ആശയങ്ങൾ ക്രമപ്പെടുത്തി എഴുതൂ.

- നഗരത്തിരക്കിലൂടെ കാർ നീങ്ങി.
- മുത്തശ്ശിക്ക് സന്തോഷമായി.
- യാത്രയ്ക്ക് തയാറായി.
- ഗ്രാമത്തിലെ കാഴ്ചകൾ കണ്ടു.

_ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _

_ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _

## മാണിക്യച്ചെമ്പഴുക്ക

മാഞ്ചുവട്ടിൽ കുട്ടികളുടെ ബഹളം. അഭിനന്ദും നന്ദനയും അങ്ങോട്ടോടി. അയൽപക്കത്തെ കുട്ടികൾ കളിക്കുകയാണ്. ‘‘ഏതു കളിയാ നിങ്ങൾ കളിക്കുന്നത്?’’ നന്ദന ചോദിച്ചു.

‘‘മാണിക്യച്ചെമ്പഴുക്ക.’’

‘‘അതെങ്ങനെയാ കളിക്കുക?’’

‘‘അതൊക്കെ ഞങ്ങൾ പറഞ്ഞുതരാം’’– ഉണ്ണി പറഞ്ഞു.

മാണിക്യച്ചെമ്പഴുക്ക കളിക്കുന്നത് എങ്ങനെയാണെന്ന് ഉണ്ണി നന്ദനയ്ക്ക് പറഞ്ഞുകൊടുത്തു.

എല്ലാവരും പിറകിലേക്ക് കൈകെട്ടി വട്ടത്തിൽ നിൽക്കണം.



നടുവിൽ ഒരു കുട്ടിയും. വട്ടത്തിൽ നിൽക്കുന്നവർ പാട്ടുപാടിക്കൊണ്ട് ഒരു പഴുത്ത അടയ്ക്ക പിറകിലൂടെ കൈമാറണം. ഈ അടയ്ക്ക കൈമാറുന്നത് നടുവിൽ നിൽക്കുന്ന കുട്ടി കാണരുത്.

''ഓടുന്നുണ്ടോടുന്നുണ്ടേ
മാണിക്യച്ചെമ്പഴുക്ക
ആ കൈയിലീകൈയിലോ
മാണിക്യച്ചെമ്പഴുക്ക
.......................................
നടുവിലിരിക്കുന്ന
വിരുതനറിയാതെ
ഓടുന്നുണ്ടോടുന്നുണ്ടേ
മാണിക്യച്ചെമ്പഴുക്ക''

ആരുടെ കൈയിലാണ് ചെമ്പഴുക്ക എന്ന് നടുവിൽ നിൽക്കുന്ന കുട്ടി പറയണം. പറഞ്ഞത് ശരിയായാൽ ചെമ്പഴുക്ക കൈയിലുള്ള കുട്ടി നടുവിൽ നിൽക്കണം. പറഞ്ഞത് ശരിയല്ലെങ്കിൽ ആ കുട്ടി തന്നെ വിരുതനായി തുടരണം.

## എത്ര കളികളുടെ പേരറിയാം?

നിങ്ങൾക്കറിയാവുന്ന കളികളുടെ പേരെഴുതൂ.

- 
- 
- 
- 

### ഇക്കൂട്ടത്തിൽ ഉപകരണങ്ങൾ വേണ്ട കളികൾ ഏതെല്ലാം?

| ഉപകരണങ്ങൾ വേണ്ട കളികൾ | ഉപകരണങ്ങൾ വേണ്ടാത്ത കളികൾ |
|---|---|
| • | • |
| • | • |

### പറയാം

- ഈ കളികളിൽ രണ്ടുപേർ മാത്രം കളിക്കുന്നവ ഏതൊക്കെ? സംഘമായി കളിക്കാവുന്നവയോ?

## എനിക്കിഷ്ടപ്പെട്ട കളി

നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു കളിയെക്കുറിച്ച് വിവരണമെഴുതൂ.

## നമ്മുടെ കുളം

‘‘അച്ഛാ ... അച്ഛാ... അതാ ഒരു ജാഥ’’– മാഞ്ചുവട്ടിൽ കളിച്ചുകൊണ്ടിരുന്ന നന്ദന ഓടിവന്ന് പറഞ്ഞു. പാടവരമ്പിലൂടെ വരി വരിയായി ആളുകൾ നടന്നുവരുന്നു.

‘‘നുസ്റത്തേ, നിന്റെ ഉപ്പയല്ലേ മുന്നിലുള്ളത്? ഉപ്പയിന്ന് തയ്യൽക്കട തുറന്നിട്ടില്ലേ?’’ സഞ്ജു ചോദിച്ചു.




“എല്ലാവരും വട്ടിയും കുട്ടയുമായി എങ്ങോട്ടാ?” വേലിക്കരികിൽനിന്ന് നന്ദനയുടെ അച്ഛൻ ചോദിച്ചു.

“അല്ല രാജൂ, നീ എപ്പഴാ നാട്ടിൽ വന്നത്? നീ വരുന്നോ? ഞങ്ങൾ പാടത്തെ കുളം വൃത്തിയാക്കാൻ പോവുകയാ”- ഗോവിന്ദേട്ടൻ പറഞ്ഞു.

“ഞാനും വരാം. പണ്ട് നമ്മളൊക്കെ ചേർന്ന് കുഴിച്ച കുളമല്ലേ ഗോവിന്ദേട്ടാ.”

“കുളം വൃത്തിയാക്കിയാൽ കുട്ടികൾക്കെല്ലാം നീന്തൽ പഠിക്കാം”- നുസ്റത്തിന്റെ ഉപ്പ പറഞ്ഞു.




“നാട്ടുകാർ ഒരുമിച്ചാൽ പലതും ചെയ്യാൻ കഴിയും. നമ്മുടെ റോഡെല്ലാം കുണ്ടും കുഴിയുമായിക്കിടക്കുകയല്ലേ. കുഴികളെല്ലാം മണ്ണിട്ടുമൂടിയാൽ വഴിനടക്കാൻ പ്രയാസമുണ്ടാവില്ല.” രാജു പറഞ്ഞപ്പോൾ എല്ലാവരും തലകുലുക്കി.

ഇതുപോലെ ഏതൊക്കെ പൊതു ഇടങ്ങൾ നമ്മുടെ നാട്ടിലുണ്ട്? എഴുതൂ.

- ബസ് കാത്തിരിപ്പുകേന്ദ്രം
- 

- കുളത്തിന്റെ കരയിൽ വച്ച ബോർഡ് കണ്ടില്ലേ. ഇത്തരം ബോർഡുകൾ മറ്റെവിടെയൊക്കെ സ്ഥാപിക്കാം?
- നിങ്ങളുടെ കൂട്ടുകാരുടെ കുടുംബങ്ങളിൽ ഏതെല്ലാം തൊഴിൽ ചെയ്യുന്നവരുണ്ട്?


....................

....................



നുസ്റത്തിന്റെ ഉപ്പ തയ്യൽക്കാരനാണ്. ഇതുപോലെ മറ്റു തൊഴിലുകളുടെ പേരെഴുതൂ.

## വാക്കുകൾ എഴുതാം, വായിക്കാം




- രഥം
- പാത
- 


## വാക്യങ്ങൾ എഴുതാം

കണ്ടെത്തിയ വാക്കുകൾകൊണ്ട് വാക്യങ്ങൾ എഴുതൂ.

- രഥം പാതയിലൂടെ ഓടി.
- 

## കളിപ്പാട്ടം നിർമിക്കാം

അമ്മമ്മ കുട്ടികൾക്ക് ചില കളിപ്പാട്ടങ്ങൾ ഉണ്ടാക്കിക്കൊടുത്തു. നിങ്ങൾക്ക് ഇത്തരം കളിപ്പാട്ടം ഉണ്ടാക്കാമോ?



ചാഞ്ചാടുംപാവ മച്ചിങ്ങവണ്ടി

അമ്മമ്മയുടെ നാടിന്റെ പ്രത്യേകതകൾ വായിച്ചല്ലോ.

നിങ്ങളുടെ നാടിന്റെ പ്രത്യേകതകൾ ഉൾപ്പെടുത്തി ഒരു ലഘുവിവരണം തയാറാക്കൂ.

## പാടാം

കുളവും തോടും
കുളിർചോലകളും
കളകളമൊഴുകും അരുവികളും
കാറ്റിൻ പാട്ടിനു കാതോർത്തീടും
പൂക്കളുമുള്ളൊരു മലനാട്...

കാടും മേടും
കതിരണിവയലും
അണിയണി നിൽക്കും തെങ്ങുകളും
പക്ഷികൾ പാടും പൂന്തോപ്പുകളും
എത്ര മനോഹരമെൻ നാട്!




## പറയാം, എഴുതാം

മലനാടിന്റെ എന്തൊക്കെ പ്രത്യേകതകളാണ് കവിതയിൽ പറഞ്ഞിരിക്കുന്നത്?

## എഴുതാം

കുളവും തോടും, കാടും മേടും- ഇതുപോലെ ഒരുമിച്ചു ചേർക്കാവുന്ന മറ്റേതെല്ലാം പദങ്ങൾ നിങ്ങൾക്കറിയാം? എഴുതൂ.

---------------- ----------------
---------------- ----------------
---------------- ----------------

## പറയാം, എഴുതാം

ഈ കവിതയ്ക്ക് ഒരു തലക്കെട്ട് നൽകൂ.





കവിതയുടെ ആശയം സ്വന്തം വാക്യങ്ങളിൽ പറയൂ, എഴുതൂ.

വീടുനിർമാണവുമായി ബന്ധപ്പെട്ട തൊഴിലുകൾ ഏതൊക്കെ? വീടിന്റെ ചിത്രവുമായി വരച്ചു യോജിപ്പിക്കൂ.

തയ്യൽ

വാർപ്പുപണി

പോലീസ്



വയറിങ്


പെയിന്റിങ്

എൻജിനീയറിങ്

മരപ്പണി

അധ്യാപനം

# 2. കുട്ടിപ്പുര




## പറയാമോ?

ചിത്രത്തിലെ വീടുകൾ നോക്കൂ. എല്ലാ വീടുകളും ഒരുപോലെയാണോ? എന്തൊക്കെ വ്യത്യാസങ്ങളുണ്ട്?



# കുട്ടിപ്പുര



ആറു വയസ്സുള്ള സാവിത്രിക്കുട്ടി അച്ഛന്റെ കൈ പിടിച്ചുവലിച്ച് ഉമ്മറത്തേക്ക് കൊണ്ടുവന്നു.

“പറയൂ അച്ഛാ... പറയൂ...”

അച്ഛൻ ഉമ്മറത്തെ ചാരുകസേരയിലിരുന്നു. സാവിത്രിക്കുട്ടി അക്ഷമയോടെ കാത്തുനിന്നു.

“വേലൂ”- അച്ഛൻ ആരംഭിച്ചു: “ഇതാ, ഈ കുട്ടിക്കേയ്, ഒരു വാശി! ഒരു കുട്ടിപ്പുര പണിയണമത്രേ!”

''കുട്ടിപ്പുര മാത്രം പോരാ, അതിൽ ആളുകളും വേണം''- അവൾ കൂട്ടിച്ചേർത്തു.

''ആണുങ്ങളോ പെണ്ണുങ്ങളോ?'' വേലുവിന് സംശയമുണ്ടായി.

''പെണ്ണുങ്ങൾ, ഒക്കെ പെണ്ണുങ്ങൾ, മൂന്നു പെൺകുട്ടികൾ വേണം. പിന്നെ അച്ഛനും അമ്മയും.''

''ശരി''- വേലു സമ്മതിച്ചു.

''എന്നേക്ക് പണി തീരും?''
സാവിത്രിക്കുട്ടിക്ക് അപ്പോഴേക്കും ധൃതിയായി.

''ഒരാഴ്ച, ഏറിയാൽ പത്തു ദിവസം.''



വേലു മാനത്തേക്കു നോക്കിക്കൊണ്ടു പറഞ്ഞു. പെരുമഴയാണ് വരുന്നത്. ഈ മഴക്കാലത്ത് മറ്റു പണികളൊന്നും ഉണ്ടാവില്ല. ഈ കുട്ടിപ്പുരയുടെ പണി കിട്ടിയത് നന്നായി.

സാവിത്രിക്കുട്ടി അന്നു രാത്രി ഉറങ്ങിയില്ല. വരാന്തയും രണ്ടു കിടപ്പറകളും ഊണുമുറിയും അടുക്കളയും കലവറയും കുളിമുറിയുമുള്ള സുന്ദരമായ ഒരു കുട്ടിപ്പുര- കണ്ണുമിഴിച്ചു കിടന്നു കൊണ്ടുതന്നെ അവൾ സ്വപ്നം കണ്ടു.

അവൾ തോർത്തുമുണ്ടെടുത്ത് സാരിയായി ധരിച്ചു. ആ കുട്ടിപ്പുരയിലെന്ന സങ്കൽപ്പത്തിൽ സ്വന്തം കിടപ്പറയിൽ തെക്കുവടക്കും കിഴക്കുപടിഞ്ഞാറും നടന്നു.

പിറ്റേന്നു രാവിലെ സാവിത്രിക്കുട്ടി വേലുവിനെ കാത്തിരുന്നു. അയാൾ വന്നില്ല. അതിന്റെ പിറ്റേന്നും വന്നില്ല. സാവിത്രിക്കുട്ടി അച്ഛനോടു പരാതി പറഞ്ഞു.

''വേലുവിനുണ്ടോ വീടും കുടിയും?''

എവിടെച്ചെന്നിട്ടാണയാളെ തെരഞ്ഞുപിടിക്കുക?

സാവിത്രിക്കുട്ടി അപേക്ഷിച്ചപ്പോൾ വേലക്കാരൻ നാണു കൈമലർത്തി.

വീണ്ടുമൊരു പത്തു ദിവസംകൂടി കഴിഞ്ഞിട്ടേ വേലു വന്നുള്ളൂ. വന്നത് വലിയൊരു ഉന്തുവണ്ടിയുംകൊണ്ടായിരുന്നു. ഉന്തുവണ്ടിയിൽനിന്ന് കുറേ തട്ടുമുട്ട് സാധനങ്ങൾ ഇറക്കി. അയാളത് കൂട്ടിച്ചേർത്തു- ഒരു കുട്ടിപ്പുര!

സാവിത്രിക്കുട്ടി അന്തംവിട്ടു നിന്നു.

## കണ്ടെത്താം, പറയാം

- ഈ കഥയിലെ കഥാപാത്രങ്ങൾ ആരൊക്കെയാണ്?
- സാവിത്രിക്കുട്ടി കുട്ടിപ്പുരയിൽ എന്തെല്ലാം വേണമെന്നാണ് ആവശ്യപ്പെട്ടത്?
- കുട്ടിപ്പുരയിൽ ആരെല്ലാം വേണമെന്നാണ് അവൾ വേലുവിനോട് പറഞ്ഞത്?

## അഭിനയിക്കാം

സാവിത്രിക്കുട്ടി തോർത്തുമുണ്ട് സാരിയായി ധരിച്ചുകൊണ്ട് അമ്മയായി അഭിനയിച്ചല്ലോ.

ഇതുപോലെ നിങ്ങൾ അഭിനയക്കളികളിൽ ഏർപ്പെട്ട സന്ദർഭങ്ങൾ എഴുതുക. ക്ലാസിൽ അഭിനയിക്കുക.

- ചോറും കറിയും വച്ചു കളി
- ടീച്ചറും കുട്ടികളും കളി
- 
- 

സ്വപ്നത്തിൽ കണ്ട വീട്ടിൽ ഏതൊക്കെ മുറികളും സൗകര്യങ്ങളുമാണുള്ളത്?

- വരാന്ത
- 
- 
- 
- 
- 

## മുറികളുടെ ഉപയോഗങ്ങൾ എഴുതാം

| മുറികൾ | ഉപയോഗം |
|---|---|
| കലവറ | സാധനങ്ങൾ സൂക്ഷിക്കുന്ന ഇടം. |
| | |
| | |
| | |
| | |


## വീടു വരയ്ക്കാം, നിറം നൽകാം

## ചൊല്ലി രസിക്കാം

### കളിവീട്

ഉണ്ടൊരു കൊച്ചു കളിപ്പന്തൽ
കുഞ്ഞുങ്ങൾക്കു കളിപ്പാനായ്
ചക്കരകൊണ്ട് തൂണെല്ലാം
കൽക്കണ്ടത്താൽ തറയെല്ലാം
നല്ല കരിമ്പാൽ മേൽക്കൂര
മുറ്റം മുഴുവൻ പഞ്ചാര
ചാരത്തുണ്ടൊരു കൊച്ചരുവി
ചാടിത്തുള്ളും തേനരുവി





മൂന്നരയടിയോളം ഉയരമുള്ള ഒരു ഒറ്റനിലക്കെട്ടിടം. മരം കൊണ്ടുള്ള മേൽപ്പുര ചെഞ്ചായം തേച്ച് ഓടുമേഞ്ഞതു പോലെ ആക്കിയിട്ടുണ്ട്. മരച്ചുവരുകളിൽ വെള്ളച്ചായം. മരംകൊണ്ടുള്ള നിലത്ത് കറുത്ത ചായം. വാതിലുകളും ജനാലകളും വീട്ടിനകത്തെ കട്ടിലുകളും കസേരകളും മേശകളും നീലനിറം.

ചെറിയൊരു വളപ്പിനുള്ളിലാണ് പുരയുടെ നിൽപ്പ്. ചുറ്റും മരമതിൽ, കണ്ടാൽ കരിങ്കല്ലാണെന്നു തോന്നും. നീലനിറത്തിലുള്ള ഗേറ്റ്. ഗേറ്റിൻമേൽ 'പ്രസാദം' എന്നൊരു ബോർഡ് തൂങ്ങുന്നു. വീടിന്റെ പേരാവാം.

ഗേറ്റിനടുത്ത് പൊൻപൂക്കൾ വിരിഞ്ഞുനിൽക്കുന്ന ഒരു ചെമ്പകമരം. മാങ്ങകൾ തൂങ്ങിയാടുന്ന മാവുകളും ചക്കകൾ നിറഞ്ഞ പ്ലാവുകളും വിളഞ്ഞ നാളികേരമുള്ള തെങ്ങുകളും.

വീട്ടിനകത്ത് എഴുതിക്കൊണ്ടിരിക്കുന്ന അച്ഛൻ. അടുക്കളയിൽ പണിയെടുക്കുന്ന അമ്മ. തുന്നിക്കൊണ്ടിരിക്കുന്ന ഒരു മകൾ. കട്ടിലിൽ കിടന്നു വായിക്കുന്ന മറ്റൊരു മകൾ. വീണ വായിച്ചു പാടുന്ന മൂന്നാമത്തെ മകൾ. എല്ലാം മരംകൊണ്ടുണ്ടാക്കി ഭംഗിയിൽ ചായം തേച്ചിരിക്കുകയാണ്.

കുടുംബാംഗങ്ങളുടെ നനുത്ത വസ്ത്രം പോലും നേരിയ മരച്ചീളുകളാണ്. അമ്മ കറുത്ത കരയുള്ള വെള്ളമുണ്ടും വേഷ്ടിയും അണിഞ്ഞിരിക്കുന്നു. തുന്നുന്ന മകളുടെ സാരി ചുവന്നതും ജാക്കറ്റ് വെളുത്തതും. വായിക്കുന്ന മകൾ മഞ്ഞ സാരിയും ചുവന്ന ജാക്കറ്റുമാണ് ധരിച്ചിട്ടുള്ളത്. വീണ വായിക്കുന്നവളുടെ സാരി പച്ചയും ജാക്കറ്റ് മഞ്ഞയും.

സാവിത്രിക്കുട്ടി വേലുവിന്റെ കരവിരുത് നോക്കി മിഴിച്ചു നിന്നു. ആ വീട്ടിനകത്തേക്കു കടക്കാൻ തനിക്കു സാധിക്കുകയില്ലെന്ന കാര്യം അവൾ മറന്നുപോയി.

**(മിഠായിപ്പൊതി)** **– സുമംഗല**

- കുട്ടിപ്പുരയുടെ ചുറ്റുമുള്ള തൊടിയിൽ എന്തൊക്കെയാണുള്ളത്?

## എന്തൊക്കെ ചായങ്ങൾ?

- വീടിന്റെ ഓരോ ഭാഗത്തും തേച്ചിരിക്കുന്ന ചായങ്ങൾ ഏതൊക്കെയെന്ന് എഴുതൂ.

മേൽപ്പുര – ചെഞ്ചായം (ചുവന്ന ചായം)

ചുവര് –

നിലം –

വാതിൽ –


................ –

## വേഷം എന്ത്?

| കഥാപാത്രം | വേഷം |
|---|---|
| തുന്നുന്ന മകൾ | ചുവന്ന സാരി, വെളുത്ത ജാക്കറ്റ് |
| വീണവായിക്കുന്ന മകൾ | |
| വായിക്കുന്ന മകൾ | |
| അമ്മ | |

## വീടു നിർമിക്കാം

കടലാസുകൊണ്ട് ഒരു വീടു നിർമിച്ചുനോക്കൂ.



## പറയാം, എഴുതാം

### സാവിത്രിക്കുട്ടിയുടെ കുട്ടിപ്പുര

മൂന്നരയടിയോളം ഉയരമുള്ള ഒറ്റനില കെട്ടിടം. വരാന്തയും കിടപ്പുമുറിയും ഊണുമുറിയും കലവറയും അടുക്കളയുമുണ്ട്.

-------------------------------------------

-------------------------------------------

-------------------------------------------

-------------------------------------------

-------------------------------------------

-------------------------------------------

-------------------------------------------

-------------------------------------------

---------------------------------

-------------------------------

---------------------------

---------------------------

---------------------------



സാവിത്രിക്കുട്ടിയുടെ കുട്ടിപ്പുരയുടെ പേരെന്താണ്? ..................

'പ്ര' എന്ന അക്ഷരം വരുന്ന പദങ്ങൾ എഴുതുക.

## എന്റെ വീടിന്റെ പേര്? ..........................................................

**എന്റെ കൂട്ടുകാരുടെ വീട്ടുപേരുകൾ**

- ..............................................................................
- ..............................................................................
- ..............................................................................

വീടു നിർമിക്കാനുപയോഗിക്കുന്ന വസ്തുക്കളുടെ പേര് കളത്തിൽ ഒളിഞ്ഞിരിപ്പുണ്ട്. കണ്ടെത്തിയ വാക്കുകൾക്ക് മഞ്ഞനിറം നൽകൂ.

| | | | | | | | |
|---|---|---|---|---|---|---|---|
| ചു | ള | മ | രം | ടൈ | ൽ | സ് | ഇ |
| നെ | യ്യ | പ്പം | ക | | ക | ക | ല |
| ചാ | ക | ര | രി | ഓ | മ്പി | പ | ക |
| ന്ത് | ഓ | ല | ങ്ക | ട് | മു | ള | ൾ |
| തി | ന | ക | ല്ല് | മ | ണ്ണ് | തി | രാ |
| റ | വ | ഇ | ഷ് | ടി | ക | മി | ജ |
| കു | ര | പെ | ക | നാ | സി | ല | കു |
| ര | ത് | യി | ട | ര | മ | ചു | മാ |
| ൽ | നം | ന്റ് | വെ | ള്ളം | ന്റ് | പൂ | രി |

## തരംതിരിച്ചെഴുതൂ

ഓരോ വസ്തുവും വീടിന്റെ ഏതു ഭാഗം നിർമിക്കാൻ ഉപയോഗിക്കുന്നു?

| മേൽക്കൂര | ചുവർ | തറ |
|---|---|---|
| • | • | • |
| • | • | • |
| • | • | • |

## വിശേഷണങ്ങൾ ചേർക്കാം

മഞ്ഞസാരി

.............................. വസ്ത്രം

.............................. .............................. ചെമ്പകമരം

## ചിഹ്നങ്ങൾ ചേർത്ത് എഴുതാം

അടിയിൽ വരയിട്ട വാക്കുകൾ പാഠപുസ്തകത്തിലുള്ളതു പോലെ മാറ്റിയെഴുതാം.

സാവിത്രിക്കുട്ടി അന്നു രത ഉറങ്ങിയില്ല. വരന്തയ രണ്ടു കിടപ്പറയും ഉണമറയ അടുക്കളയും കലവറയും കളമറ യുമുള്ള സന്ദരമയ ഒരു കട്ടപ്പര. കണ്ണുമിഴിച്ചു കിടന്നുകൊണ്ടുതന്നെ അവൾ സപന കണ്ടു.

- 
- 
- 
- 
- 
- 

## കടങ്കഥ

- അകത്തിരുന്ന് പുറത്തേക്ക് കാലുനീട്ടി.
- പുഴയിലുണ്ട് മഴയിലില്ല
  കരയിലുണ്ട് കടലിലില്ല

## ക്ഷണക്കത്ത് തയാറാക്കാം

''അമ്മേ, എന്റെ പുതിയ വീടു കാണാൻ കൂട്ടുകാരെ ക്ഷണിക്കണം''- സാവിത്രിക്കുട്ടി പറഞ്ഞു.

''എല്ലാവരെയും ക്ഷണിച്ചോളൂ.''

''എന്നാണ് ഗൃഹപ്രവേശം?'' അച്ഛൻ ചോദിച്ചു.

''ഈ ഞായറാഴ്ച നടത്താം. എല്ലാവരെയും വിളിക്കാനുള്ള ക്ഷണക്കത്ത് തയാറാക്കിക്കോളൂ'' - അമ്മ പറഞ്ഞു.

സാവിത്രിക്കുട്ടി കടലാസും പെൻസിലും എടുത്തു.

### ക്ഷണക്കത്തിൽ എന്തൊക്കെ?

- തീയതി
- സ്ഥലം
- വീടിന്റെ പേര്
- ക്ഷണിക്കുന്ന ആൾ
- എവിടേക്ക് ക്ഷണിക്കുന്നു
- ഏതാവശ്യത്തിന്

ക്ഷണക്കത്ത്

## സംഭാഷണം എഴുതാം

കുട്ടിപ്പുര കാണാൻ കൂട്ടുകാരനായ ഗോകുലിനെ ക്ഷണിച്ചു. ഗോകുൽ സാവിത്രിക്കുട്ടിയോട് കുട്ടിപ്പുരയെക്കുറിച്ച് പലതും ചോദിച്ചു.

എന്തൊക്കെയായിരിക്കും അവർ തമ്മിൽ പറഞ്ഞിരിക്കുക?

സാവിത്രിക്കുട്ടി : ഗോകുൽ, ഞായറാഴ്ച നീ എന്റെ വീട്ടിൽ വരണം.

ഗോകുൽ : എന്താ സാവിത്രിക്കുട്ടീ വിശേഷം?


സാവിത്രിക്കുട്ടി : എന്റെ കുട്ടിപ്പുര കാണാൻ എല്ലാവരെയും ക്ഷണിക്കുന്നുണ്ട്.

ഗോകുൽ : ....................................................................................................................................

സാവിത്രിക്കുട്ടി : ....................................................................................................................................

## എത്ര പദങ്ങൾ?

വീടുമായി ബന്ധപ്പെട്ട എത്ര പദങ്ങൾ നിങ്ങൾക്കറിയാം? എഴുതിനോക്കൂ.



## വൃത്തിയുള്ള പരിസരം

നാം നമ്മുടെ വീട് വൃത്തിയായി സൂക്ഷിക്കുന്നുണ്ടോ?

ഉണ്ടെങ്കിൽ ✓ അടയാളവും ഇല്ലെങ്കിൽ ✗ അടയാളവും നൽകൂ.

| | |
|---|---|
| ദിവസേന തൂത്തുവാരാറുണ്ട്. | |
| ആഴ്ചയിലൊരിക്കൽ തറ കഴുകി തുടയ്ക്കാറുണ്ട്. | |
| മാറാലകൾ തൂത്ത് വീടു വൃത്തിയാക്കാറുണ്ട്. | |
| സാധനങ്ങൾ അടുക്കോടെയും ചിട്ടയോടെയും സൂക്ഷിക്കുന്നുണ്ട്. | |
| പരിസരത്ത് ചപ്പുചവറുകൾ ഇല്ല. | |
| ചുവരുകൾ വൃത്തിയുള്ളതാണ്. | |
| കാറ്റും വെളിച്ചവും കടന്നുവരാൻ സൗകര്യമുണ്ട്. | |

## സവിശേഷതകൾ പറയാം

പാഠത്തിലെ ആദ്യഭാഗത്തെ ചിത്രം നോക്കി ഓരോ വീടിന്റെയും സവിശേഷതകൾ പറയൂ.


## ആൽബം നിർമിക്കാം

പലതരം വീടുകളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം നിർമിക്കൂ.




ചിത്രത്തിൽ ഏതെല്ലാം മുറികളുണ്ട്?


ഓരോന്നിനെക്കുറിച്ചും എഴുതൂ.



**കിടപ്പുമുറി**

വിശ്രമിക്കാനും ഉറങ്ങാനും കിടപ്പുമുറി ഉപയോഗിക്കുന്നു. കട്ടിൽ, മേശ, അലമാര എന്നിവ മുറിയിലുണ്ട്. കാറ്റും വെളിച്ചവും കടക്കാൻ ജനലുണ്ട്. മുറിക്ക് വാതിലുമുണ്ട്.








## നാടൻപാട്ട്

### ഏലഞ്ചേലഞ്ചോ

ഏലഞ്ചേലഞ്ചോ
ഏലഞ്ചും കൈതോല
എന്തിൻ ചോടാണ്
ചോടുകെട്ടിപ്പോകണത്?
തേങ്ങാച്ചോടാണ് ചോടുകെട്ടിപ്പോകണത്
ഏലഞ്ചേലഞ്ചോ
ഏലഞ്ചും കൈതോല
എന്തിൻ ചോടാണ്
ചോടുകെട്ടിപ്പോകണത്?
ചക്കച്ചോടാണ് ചോടുകെട്ടിപ്പോകണത്.



# 3. നാടിനെ രക്ഷിച്ച വീരബാഹു



തീറ്റയോടു തീറ്റ. പെരുവയറൻ രാജാവിന് ഒരേയൊരു വിചാരം മാത്രം– തിന്നണം തിന്നണം, എപ്പോഴും തിന്നണം. പ്രജകളെക്കുറിച്ച് യാതൊരു ചിന്തയുമില്ല. തന്റെ വയർ എപ്പോഴും നിറഞ്ഞിരിക്കണം. ചോറും കറിയും പലഹാരങ്ങളും കുമ്പ നിറയെ വാരിവലിച്ചു തിന്നും. ഏമ്പക്കം വിട്ട് എഴുന്നേറ്റു പോകും. കുളിയും ഉറക്കവും എല്ലാം കഷ്ടി.

ഇത് കൊട്ടാരത്തിൽ സംസാരവിഷയമായി. ഇങ്ങനെ പോയാൽ ഈ പെരുവയറൻ രാജാവ് നാടുമുടിക്കും- ആളുകൾ തമ്മിൽത്തമ്മിൽ പറയാൻ തുടങ്ങി.

കുറച്ചുകാലം കഴിഞ്ഞപ്പോഴേക്കും പെരുവയറൻ രാജാവിന്റെ ശരീരം ചീർത്തു. മുടി നീണ്ടു. നഖം വളർന്നു. അനങ്ങാൻപോലും വയ്യാതെ കിടപ്പിലായി.

നാടിന്റെ നാനാഭാഗത്തുനിന്നും വൈദ്യന്മാർ രാജാവിനെ ചികിത്സിക്കാനെത്തി. പലരും മാറിമാറി ചികിത്സിച്ചിട്ടും ദീനത്തിന് ഒരു കുറവും വന്നില്ല. അപ്പോഴും രാജാവ് തീറ്റ നിർത്തിയില്ല. അങ്ങനെയിരിക്കെ ചെറുപ്പക്കാരനായ വീരബാഹു വൈദ്യൻ കൊട്ടാരത്തിലെത്തി. അദ്ദേഹം രാജാവിനെ വിശദമായി പരിശോധിച്ചു. മരുന്നു നൽകി. ''രാജാവേ, ഞാൻ പറയുന്നതുപോലെ ചെയ്താൽ രോഗം പടി കടക്കും.



രണ്ടുനേരം കുളിക്കേണം
പല്ലു നിത്യം തേച്ചിടേണം
നഖങ്ങൾ വളർന്നിടുമ്പോൾ
മുറിച്ചിടേണം

എന്താ ചെയ്യാമോ?'' വീരബാഹു ചോദിച്ചു.

രാജാവ് തലകുലുക്കി സമ്മതിച്ചു.

മാസം ഒന്നു കഴിഞ്ഞു. മരുന്നു കഴിച്ചിട്ടും ശരീരം വൃത്തിയാക്കിയിട്ടും അസുഖം പൂർണമായി മാറിയില്ല.
ഇനി എന്തു ചെയ്യും?
വീരബാഹു വീണ്ടും വന്നു.

``മണ്ണു നന്നായ് കിളയ്ക്കേണം
വിത്തെടുത്തു വിതയ്ക്കേണം
ദേഹം വിയർത്തീടുംവരെ
വേല ചെയ്യേണം''


ഇതുകേട്ട രാജാവിന് വീരബാഹുവിനോട് നീരസം തോന്നി.



എങ്കിലും അദ്ദേഹം പതുക്കെപ്പതുക്കെ ഓരോരോ ജോലികൾ ചെയ്യാൻ തുടങ്ങി. പകലന്തിയോളം ജോലി. കൃത്യസമയത്ത് ഭക്ഷണം.

മാസങ്ങൾ കടന്നുപോയി. രാജാവിന്റെ ദേഹം മെലിഞ്ഞു. പെരുവയർ ചുരുങ്ങി. ആഹാരത്തോടുള്ള ആർത്തി കുറഞ്ഞു. രാജാവ് വീരബാഹുവിനെ വിളിച്ചുവരുത്തി.

''വൈദ്യരേ, എന്റെ രോഗം പൂർണമായും മാറി. പക്ഷേ, നാട്ടിലാകെ പല രോഗങ്ങളും പടർന്നുപിടിക്കുകയാണ്. അതിനും കൂടി ഒരു പരിഹാരം താങ്കൾ കാണണം.''



വീരബാഹു ചില കാര്യങ്ങൾ രാജാവിനോടു പറഞ്ഞു.

''അദ്ദേഹം പറഞ്ഞ കാര്യങ്ങൾ നാടുമുഴുവൻ ഉടൻ വിളംബരം ചെയ്യൂ.'' രാജാവ് മന്ത്രിയോട് കല്പിച്ചു. പടയാളികൾ കവലതോറും ചെണ്ട കൊട്ടി അറിയിച്ചു: ''ഡും... ഡും... ഡും... ഡും

നാട്ടുകാരേ കേട്ടിടേണം
കേട്ട കാര്യം ചെയ്തിടേണം.
ദേഹമെല്ലാം ശുചിയായി
സൂക്ഷിച്ചിടേണം.

വീടും ചുറ്റുപാടുമെല്ലാം
വൃത്തിയായി സൂക്ഷിക്കേണം
ഈച്ച, കൊതു കീടങ്ങളെ
തുരത്തീടേണം.

പുഴ, കിണർ, കുളമെല്ലാം
ശുചിയായി സൂക്ഷിച്ചീടിൽ
രോഗമെല്ലാം നാടുവിടും
ഓർക്കുക വേണം.''

## പറയാം, എഴുതാം

- ''ഇങ്ങനെ പോയാൽ ഈ പെരുവയറൻ രാജാവ് നാടുമുടിക്കും''- ആളുകൾ ഇങ്ങനെ പറയാൻ എന്തായിരിക്കും കാരണം?
- ''ഞാൻ പറയുന്നതുപോലെ ചെയ്താൽ രോഗം പടി കടക്കും.'' എന്തൊക്കെ ചെയ്യാനാണ് വീരബാഹു രാജാവിനോടു പറഞ്ഞത്?
- ''ഇതുകേട്ട രാജാവിന് വീരബാഹുവിനോട് നീരസം തോന്നി.'' എന്തുകൊണ്ട്?
- എന്താണ് പടയാളികൾ നാടുനീളെ വിളംബരം ചെയ്തത്?

## എത്ര വാക്കുകൾ

ചികിത്സിക്കാനെത്തി - ചികിത്സിക്കാൻ, എത്തി

കൊട്ടാരത്തിലെത്തി -

## കൂട്ടത്തിൽ പെടാത്തവ ഏത്?

- ദീനം ദേഹം അസുഖം രോഗം
- ദിവസവും കുളിക്കണം. എപ്പോഴും തിന്നണം.
  നിത്യവും വ്യായാമം ചെയ്യണം. നഖങ്ങൾ മുറിക്കണം.

## വ്യായാമം ചെയ്യാം



ചിത്രത്തിൽ കാണുന്നതുപോലെ ചെയ്തുനോക്കൂ.

അടിവരയിട്ട വാക്കിനു പകരം യോജിച്ച വാക്ക് തിരഞ്ഞെടുത്ത് വാക്യം മാറ്റിയെഴുതുക.

ശുചിത്വമുള്ള നാട്ടിൽനിന്നു രോഗങ്ങൾ ഇല്ലാതാകും.

(പൂർണമാകും, പടി കടക്കും, തലകുലുക്കും)

## ഉറക്കെ വായിക്കാം

- പ്രജകൾ
- വിചാരം
- ഏമ്പക്കം
- വിളംബരം

## വാക്യം എഴുതാം

കഷ്ടി എന്ന പദം വരുന്ന പുതിയ വാക്യങ്ങൾ എഴുതുക.

- ചോറുണ്ടാക്കാൻ അരി കഷ്ടിയാണ്.
- 

താഴെക്കൊടുത്ത വാക്കുകൾ വരുന്ന വാക്യങ്ങൾ പാഠഭാഗത്തു നിന്ന് കണ്ടെത്തി അടിയിൽ വരയ്ക്കുക.

| | | |
|---|---|---|
| പ്രജകൾ | ചികിത്സ | വിളംബരം |
| ചീർത്തു | കൽപ്പിച്ചു | കഷ്ടി |

## പറയാം

ജനങ്ങൾ ശുചിത്വം പാലിക്കുന്നുണ്ടോ എന്നറിയാൻ രാജാവ് വേഷംമാറി നാട്ടിലാകെ സഞ്ചരിച്ചു. എന്തൊക്കെയാവും രാജാവ് പരിശോധിച്ചിട്ടുണ്ടാവുക?

## വായിക്കാം, എഴുതാം

ബാബു മിക്ക ദിവസങ്ങളിലും ക്ലാസിൽ വരാറില്ല. എന്നും ഓരോരോ അസുഖങ്ങൾ. ചില ദിവസങ്ങളിൽ പല്ലുവേദന, മറ്റു ചിലപ്പോൾ വയറുവേദന, ഛർദ്ദിയും വയറിളക്കവും ഉണ്ടാകാറുണ്ട്. കിട്ടിയതൊക്കെ വാരിവലിച്ചു തിന്നും. പലപ്പോഴും കൈ കഴുകില്ല. പല്ലുതേക്കാനും കുളിക്കാനുമെല്ലാം മടിയാണ്. നഖമൊക്കെ നീണ്ട് ചെളികെട്ടി നിൽക്കുന്നു. ഫലമോ, വിട്ടുമാറാത്ത അസുഖങ്ങൾ.

- ബാബുവിന്റെ രോഗങ്ങൾ മാറാൻ എന്തെല്ലാം നിർദേശങ്ങളാണ് നിങ്ങൾ നൽകുക? എഴുതൂ.

ചിത്രത്തിൽ എന്തെല്ലാം? പറയൂ.




വൃത്തിയില്ലാത്ത പരിസരം ആളുകൾക്ക് എന്തെല്ലാം പ്രയാസങ്ങളുണ്ടാക്കും?

പരിഹരിക്കാനുള്ള നിർദേശങ്ങൾ പറയാം, എഴുതാം.

- 
- 
- 
- 


## ശുചീകരണ ഉപകരണങ്ങൾ വരയ്ക്കൂ





## എഴുതാം

മനുവും കൂട്ടുകാരും സ്കൂൾ പരിസരത്ത് എഴുതി ഒട്ടിച്ച ചില അറിയിപ്പുകൾ നോക്കൂ.




ഇതുപോലുള്ള അറിയിപ്പുകൾ തയാറാക്കി വിദ്യാലയ പരിസരത്ത് സ്ഥാപിക്കൂ.

## കടങ്കഥകൾക്ക് ഉത്തരം എഴുതാം

ആയിരം പേർക്ക് ഒരു അരപ്പട്ട – ....................................

കൈയിൽ കയറി മെയ്യിലൊളിച്ചു – ....................................

## എന്തെല്ലാം രോഗങ്ങൾ




ഏതൊക്കെ രോഗങ്ങളെപ്പറ്റിയാണ് പോസ്റ്ററിൽ പറയുന്നത്?

നിങ്ങൾക്ക് ഏതെല്ലാം രോഗങ്ങളുടെ പേരറിയാം?

.................................... ....................................

.................................... ....................................

.................................... ....................................


എല്ലാ രോഗങ്ങളും പകരുന്നവയാണോ?

ചില രോഗങ്ങൾ പകരുന്നവയാണ്. ചിലത് പകരാത്തവയും. അവ ഏതൊക്കെയെന്ന് പട്ടികപ്പെടുത്തൂ.

| പകരുന്ന രോഗങ്ങൾ | പകരാത്ത രോഗങ്ങൾ |
|---|---|
| • എലിപ്പനി | • |
| • ചെങ്കണ്ണ് | • |
| • | • വയറുവേദന |
| • | • പ്രമേഹം |
| • | • ഹൃദ്രോഗം |

## പറയാം

ഞാൻ ചെയ്യാറില്ല. എന്തുകൊണ്ട്?



- ചെവിയിൽ പെൻസിലിടുന്നു.
- പൊടിവീണ കണ്ണ് തിരുമ്മുന്നു.
- പല്ലിനിടയിൽ പിന്നുകൊണ്ട് കുത്തുന്നു.

## വായിക്കാം

ബീനയുടെ ഡയറി വായിക്കൂ:




**2015**
നവംബർ

**24**
ചൊവ്വ

രാവിലെ എഴുന്നേറ്റു. നല്ല തണുപ്പുണ്ടായിരുന്നു. നേരത്തേ സ്കൂളിൽ എത്തി. ഇന്നത്തെ അസംബ്ലിയിൽ ഞാനാണ് കഥ പറഞ്ഞത്. ഇന്ന് മാലിനി ടീച്ചർ പറഞ്ഞ കഥ എനിക്കിഷ്ടമായി. പെരുവയറൻ രാജാവിന്റെ കഥ. കഥയിൽത്തന്നെ പാട്ടുമുണ്ട്. എല്ലാവർക്കും ഇഷ്ടമായി. രാത്രി ഈ കഥ അമ്മയ്ക്കു പറഞ്ഞു കൊടുത്തു. അമ്മയ്ക്കും ഇഷ്ടപ്പെട്ടു.

നിങ്ങളുടെ ഇന്നത്തെ ഡയറി എഴുതൂ.

_ _ _ _ _

ശുചിത്വവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കണ്ടെത്തി എഴുതൂ.

| | |
|---|---|
| | |

## കഥയെഴുതാം

നാട്ടിൽ വിളംബരംചെയ്ത കാര്യങ്ങൾ ജനങ്ങൾ ചെയ്യുന്നുണ്ടോ? രാജാവ് വേഷംമാറി നടന്നു. ഒരു ദിവസം അദ്ദേഹം ഒരു വീടിനു മുന്നിലെത്തി. വീടും ചുറ്റുപാടും കണ്ട രാജാവിന്റെ മുഖം കോപംകൊണ്ടു ചുവന്നു.

......................................................................................

..............................................................................................................

കഥയുടെ ബാക്കി ഭാഗം എഴുതൂ. തലക്കെട്ട് നൽകൂ.




# ഭീകരൻ

## (പാവനാടകം)

(ഈച്ചയുടെ മൂളൽ. തവള ശ്രദ്ധിക്കുന്നു.)



തവള : അതാ അവൻ വരുന്നു,
കൊലയാളി.

മുത്തശ്ശി : ങേ? മുതലാളിയോ?

തവള : കൊലയാളി. മനുഷ്യരുടെ
കൊലയാളി, ഭീകരൻ.

രാജു : അയ്യോ, പുലിയോ കടുവയോ
മറ്റോ ആണോ?

തവള : ക്രോം... ക്രോം...
അതിനെക്കാളുമൊക്കെ ഭീകരൻ.

മുത്തശ്ശി : എവിടെ? ഞാനാരെയും കാണുന്നില്ലല്ലോ.
(ഈച്ച വരുന്നു, ഇരിക്കുന്നു).

തവള : അതാ, അവൻതന്നെ.


രാജു : ഇത് നമ്മുടെ ഈച്ചയല്ലേ. ഇവനാണോ ഭീകരൻ.
നിന്നെക്കാളൊക്കെ സുന്ദരനാ
ഇവൻ. പളുങ്കുചിറകുകൾ...
സ്വർണക്കണ്ണുകൾ... വരയൻ
കുപ്പായം... ഹായ്... എന്തു രസം!



ഈച്ച : ഞാനിവിടെ പതിവുകാരനാ. നിന
ക്കെന്തിവിടെ കാര്യം? പോക്കാച്ചി
ത്തവളേ (കറങ്ങിപ്പറന്നിരിക്കുന്നു).

| | | |
|---|---|---|
| തവള | : | കണ്ടില്ലേ? ഇതാണിവന്റെ സ്വഭാവം. (ഈച്ച രാജു വിന്റെ തലയിലിരിക്കുന്നു) എവിടെയും ചെന്നിരിക്കും. എന്തും തിന്നും. കാലുകൾ കണ്ടില്ലേ, നിറയെ രോഗാണുക്കളാ. |
| മുത്തശ്ശി | : | അതെങ്ങനാ തവളേ, ഈച്ചയുടെ കാലുകളിൽ പിടിച്ചു കയറുന്നത്? |
| തവള | : | ക്ഷയരോഗിയുടെ കഫത്തിലും കോളറരോഗികളുടെ മലത്തിലും എല്ലാ വൃത്തികേടുകളിലുമല്ലേ ഇവന്റെ വാസം. |
| രാജു | : | കോളറ പരത്തുന്നത് ഈച്ചയാ. |
| തവള | : | കോളറ മാത്രമോ, ടൈഫോയ്ഡും അതിസാരവും എല്ലാം പരത്തുന്നത് ഇവനാ. |
| മുത്തശ്ശി | : | അപ്പോൾ ഈച്ചയെത്തിന്നുന്ന നിനക്കും പിടിക്കില്ലേ കോളറ? |
| തവള | : | അതൊക്കെ നിങ്ങൾ മനുഷ്യർക്കേ ഏൽക്കൂ. |
| രാജു | : | ആഹാ, എന്നാലിവനെ കൊന്നിട്ടുതന്നെ കാര്യം. (രാജു വടിയെടുക്കാൻ പോകുന്നു). |
| ഈച്ച | : | ഞങ്ങളെയങ്ങനെ എളുപ്പത്തിലൊന്നും നശിപ്പിക്കാനാവില്ല. ഞങ്ങളുടെ പെണ്ണുങ്ങൾ ഒരു പ്രാവശ്യം പത്തിരുപതിനായിരം മുട്ടകളാ ഇടുന്നത്. |
| രാജു | : | (വടിയുമായി വരുന്നു, അടിക്കുന്നു- തവളയ്ക്ക് അടികിട്ടുന്നു- പാത്രം അടിയേറ്റു വീഴുന്നു). |





മുത്തശ്ശി : അയ്യോ, ചോറും പോയോ കുട്ടാ.
സാരമില്ല, കൊടുക്കെടാ.

രാജു : അനങ്ങല്ലേ മുത്തശ്ശീ.

മുത്തശ്ശി : എവിടെയാ കുട്ടാ, കൊടുക്ക്...
(രാജു അടിക്കുന്നു. ഈച്ച പറന്നു മാറുന്നു.)

ഈച്ച : എന്നെ അങ്ങനെ കിട്ടില്ല.

തവള : മുത്തശ്ശീ... ഇവനെ ഞാൻ ശരിപ്പെടുത്താം.
(തവള ഈച്ചയെ പിടിക്കുന്നു).

രാജു : അങ്ങനെ വേണം തവളക്കുട്ടാ. നീ മിടുക്കനാണ്.

**(പാവനാടകങ്ങൾ)** **- കണ്ണപുരം ചന്ദ്രൻ**



# 4. ഈ തെറ്റിന് ശിക്ഷയില്ല




“എന്തൊരു സുഗന്ധം!” എല്ലാവരും മൂക്കുവിടർത്തി മണം പിടിച്ചു. എന്തിന്റെ മണമാണത്? ഇലഞ്ഞിപ്പൂവിന്റെ മണമല്ല, പാലപ്പൂവിന്റേതുമല്ല, ചക്കപ്പഴത്തിന്റേതുമല്ല. പിന്നെന്തായിരിക്കും അത്?

കാട്ടിലാകെ സംസാരവിഷയമായി. ഓലേഞ്ഞാലിക്കിളിയാണ് സുഗന്ധത്തിന്റെ ഉറവിടം കണ്ടെത്തിയത്. കേശൻ രാജാവിന്റെ കൊട്ടാരത്തിലെ പൂന്തോട്ടത്തിൽ വിശേഷപ്പെട്ട ഒരു പൂ വിരിഞ്ഞുനിൽക്കുന്നു. ആ പൂവു കാണാൻ എല്ലാവർക്കും അതിയായ മോഹം.



പക്ഷേ, എങ്ങനെ കാണും? പൂന്തോട്ടത്തിനു ചുറ്റും മുള്ളു വേലിയാണ്. കൂർത്ത പല്ലും ചുവന്ന നാവും ഉണ്ടക്കണ്ണുകളുമുള്ള ചെന്നായ്ക്കൾ കാവലുണ്ട്. എന്തുവന്നാലും അതൊന്നു കാണണം. പറ്റിയാൽ അതൊന്നു പറിച്ചെടുക്കണം. ചിണ്ടനെലി തീരുമാനിച്ചു. ചിണ്ടൻ കൂട്ടുകാരെയെല്ലാം വിളിച്ചുകൂട്ടി തന്റെ ആഗ്രഹം പറഞ്ഞു.

രാത്രിയാവാൻ അവർ കാത്തിരുന്നു. ചിണ്ടനും കൂട്ടരും പാത്തും പതുങ്ങിയും തോട്ടത്തിനടുത്തെത്തി. ദൂരെ ഇരുട്ടിൽ നാല് ഉണ്ടക്കണ്ണുകൾ തിളങ്ങുന്നു. കുറ്റാക്കൂരിരുട്ടിൽ അവർ മുന്നോട്ടു നീങ്ങി. ‘‘ശ്... ആരും ശബ്ദിക്കരുത്. തുരങ്കത്തിന്റെ പണിതുടങ്ങാം.’’ ഞൊടിയിടയിൽ എലികളെല്ലാം മണ്ണു മാന്തി മാന്തി ഒരു തുരങ്കമുണ്ടാക്കി. തുരങ്കത്തിലൂടെ എല്ലാവരും തോട്ടത്തിനകത്തെത്തി.



പൂവിന്റെ കൊതിപ്പിക്കുന്ന വാസന അവർ ആവോളം ആസ്വദിച്ചു. നീളമുള്ള ഇലകളിൽ ചിലർ തൊട്ടുനോക്കി. എന്തൊരു മിനുസം! കുലകുലയായി വിരിഞ്ഞുനിൽക്കുന്ന പൂക്കൾ. ''ചെടി വേരോടെ പറിച്ചെടുക്കണം''- ചിണ്ടൻ ശബ്ദം താഴ്ത്തി പറഞ്ഞു. കേൾക്കേണ്ട താമസം, എലികൾ ചുറ്റുമുള്ള മണ്ണു മാന്തിത്തുടങ്ങി.

''ഞാൻ ഇതു കൊണ്ടുപോയി എന്റെ തോട്ടത്തിൽ നടും''- ചിണ്ടൻ പറഞ്ഞു. ''അതു പറ്റില്ല, ഞങ്ങൾക്കും വേണം''- എല്ലാവരും ബഹളംവച്ചു. പിടിയും വലിയുമായി. ഭൗ... ഭൗ... ബഹളം കേട്ട് കാവൽക്കാർ ഒച്ചവച്ചു. ഓരോരുത്തരും അവരവർക്കു കിട്ടിയ ഭാഗങ്ങളുമായി തുരങ്കത്തിലൂടെ പുറത്തേക്കോടി. തണ്ടു കിട്ടിയവരും വേരു കിട്ടിയവരും ഇല കിട്ടിയവരും പൂവു കിട്ടിയവരും കൂട്ടത്തിലുണ്ടായിരുന്നു. ചിണ്ടനു കിട്ടിയത് കിഴങ്ങായിരുന്നു.



നേരം വെളുത്തു. കാറ്റിനെന്താ സുഗന്ധമില്ലാത്തത്! കേശൻ തോട്ടത്തിൽ ചെന്നു നോക്കി. താൻ ഓമനിച്ചു വളർത്തുന്ന ചെടി കാണാനില്ല. മൃഗരാജന്റെ മുഖം കോപംകൊണ്ടു ചുവന്നു. കാവൽക്കാരെ കണക്കറ്റു ശകാരിച്ചു. മന്ത്രിയും പടയാളികളും കാടു മുഴുവൻ അരിച്ചുപെറുക്കി. കള്ളന്മാരെ കണ്ടെത്താനായില്ല.



നാളുകൾ കഴിഞ്ഞു. ഒരു ദിവസം കാട്ടിലാകെ അതേ വാസന പരന്നു. എവിടെ നിന്നാണത്? മന്ത്രിയും കൂട്ടരും അന്വേഷിച്ചിറങ്ങി. ഒടുവിൽ ചിണ്ടന്റെ തൊടിയിൽ ചെടി കണ്ടെത്തി. ചിണ്ടനെയും കൂട്ടുകാരെയും പിടിച്ചുകെട്ടി കേശന്റെ മുന്നിൽ ഹാജരാക്കി. ഉണ്ടായ സംഭവങ്ങൾ അവർ ഏറ്റുപറഞ്ഞു. എലികളുടെ കുറ്റസമ്മതം കേട്ട രാജാവ് വിധി കൽപ്പിച്ചു: ''ഈ കള്ളന്മാരെ നാടുകടത്തണം.'' അപ്പോൾ മന്ത്രി ഇടപെട്ടു: ''രാജൻ, ഇവർ ചെടി മോഷ്ടിച്ചത് തെറ്റുതന്നെയാണ്. എന്നാലും നട്ടുനനച്ച് പുതിയ ചെടിയുണ്ടാക്കാനാണല്ലോ അവർ ശ്രമിച്ചത്. ഒരു ചെടിക്കു പകരം കുറേ ചെടികളുണ്ടാവുകയും ചെയ്തു. അതിനാൽ ഇത്തവണ ഇവർക്ക് മാപ്പു നൽകിക്കൂടേ?''

അൽപ്പസമയത്തെ ആലോചനയ്ക്കുശേഷം കേശൻ പറഞ്ഞു: ''മോഷണം തെറ്റുതന്നെയാണ്. മന്ത്രി പറഞ്ഞതിലും കാര്യമുണ്ട്. ഇത്തവണ നാം ക്ഷമിച്ചിരിക്കുന്നു.''

## ഉത്തരം കണ്ടെത്താം

പൂന്തോട്ടത്തിലേക്ക് ആർക്കും പ്രവേശിക്കാനാവില്ല എന്നു പറയാൻ കാരണമെന്ത്? ശരിയുത്തരങ്ങൾക്കു നേരെ ✓ അടയാളം നൽകൂ.

- ചുറ്റും മുള്ളുവേലിയുണ്ട്. ☐
- വളരെ ഉയരത്തിലാണ്. ☐
- കേശൻ സിംഹം കടിച്ചുകീറും. ☐
- ചെന്നായ്ക്കൾ കാവലുണ്ട്. ☐

ചെടിയുടെ ഏതൊക്കെ ഭാഗങ്ങളാണ് അവർ നട്ടത്? ഏതു ഭാഗമാണ് മുളച്ചത്?

## നടാനുപയോഗിക്കുന്ന ഭാഗം യോജിപ്പിച്ചു വരയ്ക്കാം

| ചെടി | | നടാനുപയോഗിക്കുന്ന ഭാഗം | |
|---|---|---|---|
|  | ☐ |  | ☐ |
|  | ☐ |  | ☐ |
|  | ☐ |  | ☐ |

## മാതൃകപോലെ എഴുതൂ


- കൂർത്ത പല്ലുള്ള ചെന്നായ.
- ഉണ്ടക്കണ്ണുള്ള ചെന്നായ.

കൂർത്ത പല്ലും ഉണ്ടക്കണ്ണുമുള്ള ചെന്നായ.


- എല്ലാവരും മൂക്കുവിടർത്തി.
- എല്ലാവരും മണം പിടിച്ചു.

---

## ഇലകൾ എന്തിനൊക്കെ?



- ഭക്ഷണം കഴിക്കാൻ
- അട ചുടാൻ
- 



- 
- 
- 

| ഇല | ഉപയോഗം |
|---|---|
| • തുളസിയില | ഔഷധം |
| • കറിവേപ്പില | |
| • തേക്കില | |
| • | താളി |

## കണ്ടെത്തി എഴുതാം

മണമുള്ള ഇലകൾ ഏതൊക്കെ? എഴുതൂ.


- തുളസിയില
- 
- 
- 

## വരികൾ ചേർക്കാം, ചൊല്ലാം

ഇലയിലയിലയില ആമ്പലില
ഇലയിലയിലയില വാഴയില

.................................................


## കടങ്കഥ



- അമ്മ കറുമ്പി, മോളു വെളുമ്പി
  മോളുടെ മോളൊരു സുന്ദരിക്കുട്ടി
- തൊട്ടാലുറങ്ങും
  തൊട്ടുവിളിച്ചാലുണരില്ല

## ഇലകൾകൊണ്ട് കളിപ്പാട്ടങ്ങൾ

ഇലകൾ ഉപയോഗിച്ച് എന്തൊക്കെ വസ്തുക്കൾ നിർമിക്കാം?



## ഇലപ്രിന്റ് ആൽബം

കടലാസിനടിയിൽ ഇലകൾ വച്ച് കടലാസിന് മുകളിൽ ക്രയോൺ ഉരസുക. ഇലകളുടെ പ്രിന്റ് കിട്ടും. ഓരോ ഇലയുടെയും പേര് എഴുതണം.

## ചൊല്ലിരസിക്കാം

കുന്നിൻചരിവിലെ
കുഞ്ഞുകുളത്തിൽ
പച്ചവിരിപ്പൂ പായലുകൾ
കുന്നിൻചരിവിലെ
കുഞ്ഞുകുളത്തിൽ
താമര പൂത്തു ചിരിക്കുന്നു
കുന്നിൻചരിവിലെ
കുഞ്ഞുകുളത്തിൽ
ആമ്പൽമൊട്ടു കുണുങ്ങുന്നു.

വെള്ളത്തിൽ വളരുന്ന ഏതെല്ലാം സസ്യങ്ങളെപ്പറ്റിയാണ് കവിതയിൽ പറയുന്നത്?

നിങ്ങൾക്കറിയാവുന്ന മറ്റു ജലസസ്യങ്ങൾ ഏതൊക്കെ?

## ചെയ്തുനോക്കാം

ചേമ്പിലയിൽ അൽപ്പം വെള്ളം ഒഴിച്ചുനോക്കൂ. എല്ലാ ഇലകളിലും ഇങ്ങനെ തന്നെയാണോ? ചെയ്തുനോക്കൂ.

## എഴുതാം

മണം എന്ന വാക്കിനു പകരം പാഠത്തിൽ പ്രയോഗിച്ചിട്ടുള്ള വാക്കുകൾ എഴുതൂ.

## വാക്യം മാറ്റിയെഴുതാം

വീടു മുഴുവൻ എത്ര അന്വേഷിച്ചിട്ടും കാണാതായ പെൻസിൽ കിട്ടിയില്ല. 'അരിച്ചുപെറുക്കിയിട്ടും' എന്നു ചേർത്ത് ഈ വാക്യം മാറ്റി എഴുതൂ.

_ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _

## വിശേഷണങ്ങൾ ചേർക്കാം

- കൊതിപ്പിക്കുന്ന വാസന

  ................................ രുചി

- ആവോളം ആസ്വദിച്ചു

  ........................................ കഴിച്ചു.

പാഠഭാഗത്തുനിന്നു കണ്ടെത്തി എഴുതൂ.

................................... മോഹം

................................... പൂക്കൾ

### തെങ്ങ്



ഞാൻ തെങ്ങ്. എന്നെ നിങ്ങൾക്ക് പരിചയമുണ്ടല്ലോ. കേരളത്തിൽ ധാരാളമായി എന്നെ കാണാം. തേങ്ങ ചേർത്തല്ലേ നിങ്ങൾ പലതരം പലഹാരങ്ങളും കറികളും ഉണ്ടാക്കുന്നത്. എന്റെ ഓലകൊണ്ട് നിങ്ങൾക്ക് പലതരം കളിപ്പാട്ടങ്ങൾ ഉണ്ടാക്കാം. വീടുമേയാനും ചൂലും പായയും ഉണ്ടാക്കാനും ഓല ഉപയോഗിക്കും. ക്ഷീണമകറ്റാനും ദാഹം തീർക്കാനും നിങ്ങൾ ഇളനീർ കഴിക്കുന്നു. എനിക്ക് ചില്ലകളില്ല. എന്റെ എല്ലാ ഭാഗങ്ങളും വിറകിന് പറ്റും.

– കേരവൃക്ഷം

## പറയാം, എഴുതാം

നിങ്ങൾക്കറിയാവുന്ന ഒരു സസ്യത്തെക്കുറിച്ച് എഴുതൂ.

## നട്ടുവളർത്താം

- ചിരട്ടയിൽ വിത്തു നട്ട് അവ വളരുന്നത് നിരീക്ഷിക്കൂ. കാണാൻ കഴിഞ്ഞ മാറ്റങ്ങൾ എഴുതൂ.

## എത്രയെത്ര സസ്യങ്ങൾ

നിങ്ങളുടെ പരിസരത്ത് എത്ര സസ്യങ്ങളുണ്ട്? അവയുടെ പേരുകൾ പട്ടികപ്പെടുത്തൂ.

## കാട്ടിലെ കൃഷി

‘‘ചെടികൾ നട്ടതുകൊണ്ടല്ലേ രാജാവ് നമ്മളെ വെറുതെ വിട്ടത്. ഇനിയുള്ള കാലം നമുക്ക് പറ്റുന്നതൊക്കെ കൃഷിചെയ്താലോ.'' ചിണ്ടന്റെ അഭിപ്രായത്തോട് മറ്റു ജീവികളും യോജിച്ചു. കാട്ടിൽ ഒഴിഞ്ഞ സ്ഥലങ്ങളിൽ അവർ പല കൃഷികളും ചെയ്തു. പഴവും പച്ചക്കറികളും പൂക്കളും കിഴങ്ങുകളും ധാരാളമായി വിളഞ്ഞു.

‘‘ഇത് ആവശ്യത്തിലേറെയുണ്ടല്ലോ. മിച്ചമുള്ളത് ചന്തയിൽ വിറ്റുകൂടേ. നല്ല വിലയും കിട്ടും''- കറുമ്പിക്കാക്ക പറഞ്ഞു.

## അന്വേഷിക്കൂ, കണ്ടെത്തൂ

വരുമാനത്തിനു വേണ്ടി നാം എന്തെല്ലാമാണ് കൃഷിചെയ്യുന്നത്?

-
-
-
-
-

## ഈണത്തിൽ പാടാം



### നാളേയ്ക്കുവേണ്ടി

ഒരു തൈ നടാം നമുക്കമ്മെയ്ക്കുവേണ്ടി
ഒരു തൈ നടാം കൊച്ചുമക്കൾക്കുവേണ്ടി
ഒരു തൈ നടാം നൂറു കിളികൾക്കുവേണ്ടി
ഒരു തൈ നടാം നല്ല നാളേയ്ക്കുവേണ്ടി
ഇത് പ്രാണവായുവിനായി നടുന്നു
ഇതു മഴയ്ക്കായി തൊഴുതു നടുന്നു
അഴകിനായ് തണലിനായ് തേൻപഴങ്ങൾക്കായ്
ഒരു നൂറു തൈകൾ നിറഞ്ഞു നടുന്നു

– സുഗതകുമാരി



## എഴുതാം

താഴെ കൊടുത്ത അക്ഷരങ്ങൾ ചേർന്നു വരുന്ന വാക്കുകൾ കണ്ടെത്തി എഴുതുക.

ഗ്ന സ്ത ശ്ശ ഷ്ട സ്ഥ ൽപ്പ ക്ഷ ബ്ദ ത്ര വ്യ ഴ്ച ന്ത വൃ സ്ത്ര

| പാഠപുസ്തകത്തിൽനിന്ന് കണ്ടെത്തിയ വാക്കുകൾ | അറിയാവുന്ന മറ്റു വാക്കുകൾ |
|---|---|
| | |

## ആരാണ് കേമൻ?




സവിശേഷതകൾ കണ്ടെത്തി എഴുതൂ.



•



•







## മുത്തശ്ശിമാവ് കഥപറയുന്നു

കുട്ടികളേ, എല്ലാവരും കളിച്ചു തളർന്നോ? ഇനി ഇത്തിരിനേരം എന്റെ തണലിൽ വന്നിരുന്നോളൂ. ഞാൻ നിങ്ങൾക്ക് എന്റെ കഥ പറഞ്ഞുതരാം.

ഒരുപാടുകാലം മുമ്പ്, അതാ, ആ കാണുന്ന വയലിന്റെ അക്കരെ ഒരു മാവുണ്ടായിരുന്നു. പടർന്നു പന്തലിച്ചു നിന്ന ഒരു തേന്മാവ്. അതായിരുന്നു എന്റെ അമ്മ.

അമ്മമാവിന്റെ ഉച്ചിയിലെ ഒരു ഉണ്ണിമാങ്ങയായിരുന്നു ഞാൻ. മാസങ്ങൾക്കുശേഷം ഞാനൊരു മുഴുത്ത മാമ്പഴമായി. അന്നൊക്കെ എന്നെ കാണേണ്ടതായിരുന്നു. മഞ്ഞയും ഓറഞ്ചും കലർന്ന് തുടുത്ത ഒരു മാമ്പഴം. ഞങ്ങൾ കൂട്ടുകാരെല്ലാം കാറ്റിലാടി രസിച്ചു കഴിഞ്ഞ കാലം.

ഞങ്ങളെല്ലാം ഒരു കുലയിൽ മുട്ടിയിരുന്ന് തമാശകൾ പറഞ്ഞ് രസിക്കുകയായിരുന്നു. അപ്പോഴാ അതു സംഭവിച്ചത്. ഒരു കാക്ക വന്ന് എന്നെ ഒരു കൊത്ത്. 'പ്ധും', ഞാൻ ഞെട്ടറ്റു താഴെ. മാഞ്ചുവട്ടിൽ കളിക്കുന്ന കുട്ടികൾക്കു മുമ്പിലാണ് ചെന്നുവീണത്.

അതിലൊരുത്തൻ ഓടിവന്ന് എന്നെ എടുത്തു. എന്റെ തേൻമധുരമൂറുന്ന ഭാഗങ്ങൾ കഷണങ്ങളാക്കി അവൻ കൂട്ടുകാർക്ക് പങ്കുവച്ചു. മാങ്ങയണ്ടി മാത്രം ബാക്കിയായി. അവനത് ഒരു കടലാസിൽ പൊതിഞ്ഞു കൈയിൽ വച്ചു. "ഇത് ഞാൻ വീട്ടു പറമ്പിൽ കുഴിച്ചിടും"- ആ മിടുക്കൻ പറഞ്ഞു.

അവൻ പറഞ്ഞതുപോലെ ചെയ്തു കേട്ടോ. മഴക്കാലമായി. മഴവെള്ളത്തിൽ നനഞ്ഞു കുതിർന്ന ഞാൻ മെല്ലെ മുളച്ചുപൊന്തി. ചുവപ്പു കലർന്ന തവിട്ടുനിറമുള്ള ഇലകൾ. എന്നും അവൻ വന്നു തൊട്ടുനോക്കും. കാലം കുറേ കഴിഞ്ഞു. ഞാൻ വലുതായി. ഞങ്ങൾ വൻമരങ്ങൾ അങ്ങനെയാണ്. ഒരുപാടൊരുപാട് വളരും. കൊമ്പുകളും ചില്ലകളും വളർന്നപ്പോൾ പല പക്ഷികളും കൂടു കൂട്ടാനെത്തി. പക്ഷികൾ മാത്രമല്ല പാർക്കാനെത്തിയത്. അണ്ണാനും ചിതലിനും ചിലന്തിക്കും ഉറുമ്പിനുമൊക്കെ താമസിക്കാൻ ഞാൻ ഇടം നൽകി. കുട്ടികൾ എന്റെ തണലിലിരുന്ന് കളിച്ചു, വിശ്രമിച്ചു. അവർക്കൊക്കെ ഞാൻ വയറുനിറയെ ചക്കരമാമ്പഴം കൊടുത്തു.

ഇപ്പോൾ ഞാനൊരു മുത്തശ്ശിയായി. എന്റെ മക്കളും പേരക്കി ടാങ്ങളുമൊക്കെ എവിടെയാണാവോ? എന്നാലും ഇനിയും കുറേക്കാലം ഞാൻ ഉണ്ടാവും, തണലും മധുരവും തന്ന്.